# Rehabilitation Plantations Limited
(A Joint Venture of Govt. of India & Govt. of Kerala)
CIN - U01119KL1976SGC002799
Regd. Office : PUNALUR - 691 305, KOLLAM DIST., KERALA, INDIA
GST No: 32AAACT8105A1Z2
An ISO 9001&14001 Certified Company


ആർ.പി.എൽ./പി.ഡി./എഫ്-4095/2018 /2353 29.01.2021.

## നോട്ടീസ്

വിഷയം - കമ്പനിയുടെ സേവനത്തിൽ നിന്നും വിരമിച്ച റീപ്പാട്രിയേറ്റ് തൊഴിലാളികൾക്കായുള്ള ഭവന പദ്ധതി പ്രകാരം പാർപ്പിടം ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത്- സംബന്ധിച്ച്..

കമ്പനിയിലെ സേവനത്തിൽ നിന്നും വിരമിച്ച ശ്രീലങ്കൻ റീപ്പാട്രിയേറ്റ് കുടുംബങ്ങളിലെ ഭൂരഹിത-ഭവനരഹിതരായവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി കമ്പനിയും ഭവനം ഫൗണ്ടേഷൻ കേരളയും സംയുക്തമായി നടപ്പിലാക്കുന്ന പാർപ്പിട പദ്ധതിയ്ക്കായി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം, അനുബന്ധം 1, അനുബന്ധം 2, പദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖകൾ എന്നിവ സൌജന്യമായി കുളത്തൂപ്പുഴ/ആയിരനല്ലൂർ എസ്റ്റേറ്റ് ഓഫീസുകളിൽ നിന്നും 29.01.2021 മുതൽ ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധം 1, അനുബന്ധം 2-ൽ നിഷ്കർഷിച്ച രേഖകൾ എന്നിവ സഹിതം 08.02.2021-ന് വൈകുന്നേരം 5 മണിക്കുള്ളിൽ അതാത് എസ്റ്റേറ്റ് ഓഫീസുകളിൽ സമർപ്പിക്കേണ്ടതും ആയതിന്റെ രസീത് കൈപ്പറ്റി സൂക്ഷിക്കേണ്ടതുമാണ്.

കമ്പനിയിൽ നിന്നും വിരമിച്ചവരും പ്രസ്തുത കാർഡിൽ ആർക്കും തന്നെ കമ്പനിയിൽ നിലവിൽ തൊഴിൽ ഇല്ലാത്തതും ക്വോർട്ടേഴ്സിൽ താമസിക്കുന്നവരുമായ ഭൂരഹിത-ഭവനരഹിത റീപ്പാട്രിയേറ്റുകൾ ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാത്ത പക്ഷം അവർക്ക് തുടർന്ന് കമ്പനി ക്വോർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നതിന് അനുവാദമുണ്ടായിരിക്കുന്നതല്ല.

അപേക്ഷകരിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി ടി പദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ മാനദണ്ഡങ്ങൾ കർശനമായും പാലിക്കുന്നതാണ്. ആയതിന് 1, 2, 3, 4 വിഭാഗത്തിൽ പ്പെട്ടവരിൽ അർഹരായവരുടെ മുൻഗണനാ ലിസ്റ്റ് ഘട്ടംഘട്ടമായി

പ്രസിദ്ധീകരിക്കുന്നതാണ്. നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ, നിഷ്കർഷിക്കപ്പെട്ട രേഖകൾ സഹിതം അപേക്ഷിക്കുന്നവരെ മാത്രമേ ഈ പദ്ധതി പ്രകാരം പാർപ്പിടം ലഭിക്കുന്നതിനായി പരിഗണിക്കുകയുള്ളൂ. അർഹരായ എല്ലാ ഗുണഭോക്താക്കളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് താൽപര്യപ്പെടുന്നു.

മാനേജിംഗ് ഡയറക്ടർ.

പകർപ്പ്-

1. മാനേജർ, ആർ.പി.എൽ, ആയിരനല്ലൂർ എസ്റ്റേറ്റ് /കുളത്തുപ്പുഴ എസ്റ്റേറ്റ്/ഫാക്ടറി കോംപ്ലക്സ് } കളക്ഷൻ സെന്ററുകൾ ഉൾപ്പെടെയുള്ള എല്ലാ നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾക്കുമായി
2. കമ്പനി സെക്രട്ടറി /ഫിനാൻസ് മാനേജർ/ മാനേജർ (പി & എ)/ കൺസ്ട്രക്ഷൻ എഞ്ചിനീയർ ഗ്രേഡ്-1/ വെൽഫെയർ ഓഫീസർ, കുളത്തുപ്പുഴ എസ്റ്റേറ്റ്/ ആയിരനല്ലൂർ എസ്റ്റേറ്റ്
3. ഇ.ഡി.പി.
4 എസ്.ഒ.എസ്.- ഹെഡ് ഓഫീസ് സർക്കുലേഷന്.
5. ഫയൽ/കരുതൽ ഫയൽ
6 എല്ലാ നോട്ടീസ് ബോർഡുകളിലേക്കും.